150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY, KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 22104/AD A1/1/AD A1/AD A 1 തീയതി: 11.08.2020

## സർക്കുലർ

വിഷയം:- സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ 2020 - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1.പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൻറെ 05.11.2015-ലെ പരിപത്രം നം. 54814/പോൾ-5/2015/പൊ.ഭ.വ.
2.പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൻറെ 07.08.2020-ലെ പരിപത്രം നം. 103/പോൾ-5/2020/പൊ.ഭ.വ.

ഭാരതത്തിൻറെ സ്വാതന്ത്ര്യദിനം എല്ലാവർഷവും സമുചിതമായും ആകർഷകമായും ആഘോഷിച്ചുവരുന്നു. ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ എല്ലാ സർക്കാർ ജീവനക്കാരും പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ സ്വയംഭരണസ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സ്കൂളുകൾ, കോളേജുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നും വകുപ്പ് തലവന്മാരും ഓഫീസ് മേധാവികളും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണെന്നും WP(C) No. 23497/2015-ലെ ബഹു. കേരള ഹൈക്കോടതി ഉത്തരവിനനുസൃതമായി മേൽ സൂചന പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

കോവിഡ്-19, കൊറോണാ വൈറസിന്റെ നിർവ്യാപനവുമായി ബന്ധപ്പെട്ട് ജീവനക്കാർ ഒത്തു ചേർന്നുള്ള പരിപാടികൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് മാത്രമെ സാധിക്കുകയുള്ളൂ എന്നതിനാൽ ഈ വർഷത്തെ സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ ഇതിൻ പ്രകാരം പരിമിതപ്പെടുത്തുന്നതിനും, അതേ സമയം ഈ സുദിനത്തിന്റെ ഗൗരവം ഒട്ടും നഷ്ടമാകാതെ മഹാത്മാഗാന്ധി സർവ്വകലാശാലയിലും ഈ വർഷത്തെ സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്നതാണ്.

ഇതിൻറെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല അങ്കണത്തിൽ 15.08.2020 ശനിയാഴ്ച രാവിലെ 9.00-ന് ബഹു. വൈസ് ചാൻസിലർ ദേശീയ പതാക ഉയർത്തുന്നതാണ്. സ്വാതന്ത്ര്യ ദിന ചടങ്ങിൽ പങ്കെടുക്കുന്ന ജീവനക്കാർ നിർബന്ധമായും കോവിഡ് പ്രോട്ടോക്കോൾ പ്രകാരമുള്ള എല്ലാ മുൻ കരുതലുകളും കൃത്യമായി സ്വീകരിക്കേണ്ടതാണ്.

<u>മാർഗ്ഗ നിർദ്ദേശങ്ങൾ</u>

1. പൊതുജനങ്ങൾ,കുട്ടികൾ,മുതിർന്നവർ (senior citizens) എന്നിവർ നിർബന്ധമായും ചടങ്ങുകളിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
2. സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന എല്ലാവരെയും തെർമൽ സ്കാനിംഗ്-ന് വിധേയരാക്കേണ്ടതാണ്.
3. പങ്കെടുക്കുന്ന എല്ലാവരും കർശനമായ സാമൂഹിക അകലം പാലിക്കുകയും, മാസ്കുകൾ ധരിക്കുകയും, ആവശ്യമായ സാനിറ്റൈസേഷൻ നടത്തി എന്നുറപ്പാക്കുകയും ചെയ്യേണ്ടതാണ്.
4. ദേശീയഗാനം ആലപിക്കുമ്പോൾ പങ്കെടുക്കുന്ന ഏവരും ശ്രദ്ധയോടും ആദരവോടും അഭിമാനത്തോടും കൂടി തങ്ങളുടെ ഇരിപ്പിടങ്ങളിൽ നിന്നും എഴുന്നേറ്റ് നിൽക്കേണ്ടതാണ്.
5. പ്ലാസ്റ്റിക് ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള ദേശീയ പതാകകൾ ചടങ്ങിൽ ഉപയോഗിക്കുകയോ വിതരണം നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.
6. ആഘോഷങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്.

ഒപ്പ്

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. പബ്ലിക് റിലേഷൻസ് ഓഫീസർ/സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
5. നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Draft #5 of File 22104/AD A1/1/2019/AD A 1 Approved by Registrar on 11-Aug-2020 03:24 PM - Page 1

# സ്വാതന്ത്ര്യദിനാഘോഷം (15 ആഗസ്റ്റ് 2020)

**<u>സർവ്വകലാശാല ഭരണവിഭാഗ മന്ദിരത്തിന് മുന്നിൽ നടക്കുന്ന പതാക ഉയർത്തൽ ചടങ്ങ്</u>**

| | |
|---|---|
| 08.45 a.m. | ബഹു. വൈസ് ചാൻസിലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ എത്തിച്ചേരുകയും പവലിയനിൽ ഇരിക്കുകയും ചെയ്യുന്നു. |
| 08.50 a.m. | പരേഡ് കമാൻഡർ സെക്യൂരിറ്റി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും സെക്യൂരിറ്റി ഓഫീസർ ബഹു. വൈസ് ചാൻസിലർക്ക് റിപ്പോർട്ട് നൽകുകയും വൈസ് ചാൻസിലറെ പതാക ഉയർത്തുന്നതിനായി ക്ഷണിക്കുകയും ചെയ്യുന്നു. ബഹു. വൈസ് ചാൻസിലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ പോഡിയത്തിലേക്ക് നടക്കുന്നു. |
| 09.00 a.m. | വൈസ് ചാൻസിലർ പതാക ഉയർത്തുന്നു. ദേശീയഗാനം ആലപിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ദേശീയഗാനം ആലപിക്കുകയും ചെയ്യുന്നു. |
| 09.35 a.m. | സെക്യൂരിറ്റി ഓഫീസർ വൈസ് ചാൻസിലറെ സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡ് പരിശോധിക്കുന്നതിന് ക്ഷണിക്കുന്നു. വൈസ് ചാൻസിലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ സുരക്ഷാ ഉദ്യോഗസ്ഥരെ പരിശോധിക്കുകയും തിരികെ പവലിയനിലെത്തി സദസ്സിനെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. |
| 09.45 a.m. | പരേഡ് കമാൻഡർ സെക്യൂരിറ്റി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും സെക്യൂരിറ്റി ഓഫീസർ വൈസ് ചാൻസിലറോട് പരേഡ് പിരിയുവാൻ അനുവാദം തേടുകയും പരേഡ് പിരിച്ചുവിടുകയും ചെയ്യുന്നു. |

Draft #5 of File 22104/AD A1/1/2019/AD A 1 Approved by Registrar on 11-Aug-2020 03:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം